**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ നഗരസഭ — ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 98/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 12 /01/2017

പരാമർശം : 1) ആലപ്പുഴ നഗരസഭാ കൗൺസിലിന്റെ 22/11/2016 ലെ 6 -ാം നമ്പർ തീരുമാനം.

2) ആലപ്പുഴ നഗരസഭാ സെക്രട്ടറിയുടെ 29/11/2016 തീയതിയിലെ എച്ച്7 – 37354/16 നമ്പർ കത്ത്.

3) നഗരകാര്യ ഡയറക്ടറുടെ 14/12/2016 തീയതിയിലെ ഇ 2-27807/16 നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ നഗരസഭയിൽ ശുചീകരണ തൊഴിലാളികളുടെ അഭാവമുള്ളതിനാൽ 40 പേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എംപ്ലോയ്മെന്റ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, എന്നാൽ ടി നിയമനങ്ങൾ നടത്തുന്നതിന് കാലതാമസമുള്ളതിനാൽ, ശബരിമല സീസണിലെ തിരക്ക്, ജൈവമാലിന്യ യൂണിറ്റുകളുടെ പ്രവർത്തനം, ആലപ്പുഴയിലെ മുല്ലയ്ക്കൽ ചിറപ്പ് മഹോത്സവം എന്നിവ കണക്കിലെടുത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിലാളികളെ എടുക്കുന്നതുവരെ [illegible] പ്പെട്ട 15 ശുചീകരണ തൊഴിലാളികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള സർക്കാർ അനുമതി നൽകുന്നതിനായി പരാമർശം (1) ലെ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ആലപ്പുഴ നഗരസഭാ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു. പ്രസ്തുത വിഷയത്തിന്മേൽ പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിനോട് ശിപാർശയും ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം 26/02/2016 ലെ G.O(P) No.28/2016/Fin. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നഗരസഭാ കൗൺസിലിന്റെ തീരുമാനവും, നഗരസഭാ സെക്രട്ടറിയുടെ കത്തും, നഗരകാര്യ ഡയറക്ടറുടെ ശിപാർശയും, മേൽ വിഷയത്തിന്റെ അടിയന്തിര പ്രാധാന്യവും കണക്കിലെടുത്ത് ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി

നടത്തുന്നതിലേക്കായി ആലപ്പുഴ നഗരസഭയിൽ 15 ശുചീകരണ തൊഴിലാളികളെ 26/02/2016 ലെ ജി.ഒ.(പി) നം. 28/2016/ഫിൻ പ്രകാരം, 179 ദിവസത്തേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) മേൽപ്പറഞ്ഞതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

അബ്ദുൾകലാം. എ.

അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ആലപ്പുഴ നഗരസഭ

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ് , തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ